**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള– ശനിയാഴ്ച തോറും**

**സെപ്തംബർ 28, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ജീവിതത്തിന്റെ നാല് ലക്ഷ്യങ്ങൾ

## THE FOUR GOALS OF LIFE

**Q: സ്വാമീ! ഞങ്ങൾ പുരുഷാർത്ഥങ്ങളെക്കുറിച്ച്, ജീവിതത്തിന്റെ നാല് ലക്ഷ്യങ്ങളെക്കുറിച്ച്, കേൾക്കുന്നു. ഞങ്ങൾ എങ്ങനെ അവ നേടും?**

**ഭഗവാൻ**: ഞാൻ എന്റെ വിദ്യാർത്ഥികളോട് മിക്കപ്പോഴും നാല് **'F'**-കളെപ്പറ്റി പറയാറുണ്ട്. ആദ്യത്തെ **'F'** എന്നത് **'F**ollow the Master' ആണ്. ധർമ്മം(righteousness)




ആണ് നിങ്ങളുടെ മാസ്റ്റർ. എല്ലായ്പോഴും ധർമ്മം പിന്തുടരുക. നിങ്ങളുടെ എല്ലാ കർമ്മങ്ങളും ധർമ്മം, ജീവിതത്തിന്റെ മാതൃകാദർശങ്ങൾ, അംഗീകരിക്കുന്നതാവണം. നിങ്ങൾ സദാ ധർമ്മം മുറുകെ പിടിച്ചാൽ, അതേ ധർമ്മം നിങ്ങളെ സംരക്ഷിക്കും. 'ധർമ്മോ രക്ഷതി രക്ഷിത:'. ഒരു മാനവൻ, മനുഷ്യജീവി എന്ന നിലയ്ക്ക്, നിങ്ങൾ

ഒരു മനുഷ്യജീവിയുടെ ധർമ്മം, മാനവധർമ്മം, പിന്തുടരണം, ഒരിക്കലും രാക്ഷസന്റെ ദാനവധർമ്മമാവരുത് പിന്തുടരുന്നത്.

രണ്ടാമത്തെ **'F'** എന്നത് **'F**ace the devil'(ചെകുത്താനെ നേരിടുക) ആണ്. ഇവിടെ എന്താണ് ചെകുത്താൻ? ധർമ്മം മാസ്റ്ററായിരിക്കെ, അർത്ഥം അഥവാ ധനം അഥവാ പണം ആണ് ചെകുത്താൻ. മിക്ക ആളുകളും പണത്തിനായി ക്ലേശിക്കുന്നു. അവർ ധനത്തിനായി മാത്രം എല്ലാ തരത്തിലുള്ള അടവുകളും പയറ്റുന്നു, അധാർമ്മികമായ, അന്യായമായ, തെറ്റായ പ്രവൃത്തികളിൽ ഏർപ്പെടുന്നു. ലോകം ധനത്തിനെ ആശ്രയിച്ച് നീങ്ങുന്നു എന്ന്(ധനം മൂലമിദം ജഗത്) നിങ്ങൾ ധരിക്കുന്നു. അല്ല, ലോകം ധർമത്തെ അവലംബിക്കുന്നു (ധർമ്മമൂലമിദം ജഗത്). ഒരുവൻ ധാർമ്മികമായി വേണം ധനം സമ്പാദിക്കുവാൻ, അധാർമ്മികമായിട്ടല്ല.

മൂന്നാമത്തെ **'F'** എന്നത് **'F**ight to the end' ആണ്(അവസാനം വരെ പൊരുതുക). അവസാനം വരെ നിങ്ങൾ പൊരുതേണ്ടത് ഏതു ശത്രുവിനോടാണ്? കാമം(desire) ആണ് അത്. അവസാനത്തെ ആഗ്രഹവും മായുന്നതുവരെ, നിങ്ങൾ യുദ്ധം തുടരണം.

ഒരിക്കൽ, മഹർഷി ദക്ഷിണാമൂർത്തി ഒരു കടൽത്തീരത്തൂടെ നടക്കാനിടയായി. ഉയരുന്ന തിരകൾ ഒരു പുൽനാമ്പിനെ കരയിലേക്ക് തള്ളുന്നത് അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹത്തിന് വല്ലായ്മ തോന്നി. എന്തൊക്കെയായാലും അതൊരു ചെറിയ പുൽനാമ്പാണ്, പ്രതാപിയായ സമുദ്രം അതിന്റെ കൂറ്റൻ തിരകളെയാണ് അതിനെ കരയ്ക്കടുപ്പിക്കാനായി അയയ്ക്കുന്നത്. ''ഈ സമുദ്രം എത്ര ഗർവ്വിഷ്ഠനാണ്, ഒരു പുൽനാമ്പിനെപ്പോലും സഹിക്കാനാവാതെ!'' മഹർഷി തന്നത്താനോർത്തു. അപ്പോൾ സമുദ്രദേവൻ കൂപ്പുകൈകളോടെ മഹർഷിയുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ട് വളരെ വിനയപൂർവം പറഞ്ഞു,



''അല്ലയോ മഹാനുഭാവാ! ഞാൻ തെറ്റുകാരനല്ല. എന്നെ കുറ്റപ്പെടുത്തുകയോ എന്നെ ഗർവ്വിഷ്ഠനെന്ന് പഴിക്കുകയോ അരുത്. ഞാൻ ധിക്കാരിയല്ല. എനിക്ക് ഒരു ചെറിയ കളങ്കം പോലും സഹിക്കാനാവില്ല. എന്നിൽ ഒരു കുറവു പോലും, അതൊരു പുൽനാമ്പിന്റേതായാൽക്കൂടി, ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് എന്റെ

തിരകൾ അവയെ കരയിലേക്ക് വലിച്ചകറ്റുന്നത്, അത് വിദ്വേഷം കൊണ്ടോ ശത്രുത കൊണ്ടോ അല്ല.'' അവസാനം വരെ പൊരുതുക എന്നതിന്റെ അർത്ഥം ഇതാണ്.

ഇനി, നാലാമത്തെ **'F'** എന്നത് **'F**inish the game' ആണ്(കളി അവസാനിപ്പിക്കുക). എന്താണ് കളി? ജീവിതത്തിന്റെ കളിയാണത്. എപ്പോളാണ് ജീവിതത്തിന്റെ കളി അവസാനിക്കുക? അത് അവസാനിക്കുന്നത് മോക്ഷപ്രാപ്തിയോടെയാണ്. അപ്പോൾ, ജീവിതത്തിന്റെ നാല് ലക്ഷ്യങ്ങളിൽ അവസാനത്തേത് മോക്ഷമാകുന്നു.

ഇവിടെ, ഒരു സുപ്രധാന സംഗതി നിങ്ങൾ ഓർക്കണം. നാല് പുരുഷാർത്ഥങ്ങളിൽ,




ധർമ്മം എന്നത് **F**ollow the Master ആണ്, അർത്ഥം എന്നത് **F**ace the devil ആകുന്നു, കാമം **F**ight to the end ആകുന്നു, മോക്ഷം **F**inish the game' ആണ്. ആദ്യത്തേത് ധർമ്മം ആണ്, നാലാമത്തേത് മോക്ഷവും, രണ്ടാമത്തെ അർത്ഥവും മൂന്നാമത്തെ കാമവും ഇവയ്ക്കു നടുവിലായാണ് വരുന്നത്. ഇതു സൂചിപ്പിക്കുന്നത്, അർത്ഥം ധർമ്മത്തോടെ നേടണം എന്നാണ്. എന്നിട്ട് കാമം ഉപയോഗിക്കേണ്ടത് ജീവിതത്തിന്റെ നാലാമത്തെ ലക്ഷ്യമായ മോക്ഷം നേടാൻവേണ്ടി മാത്രമാവണം. അതുകൊണ്ട്, നാല് **'F'**-കൾ ജീവിതത്തിന്റെ ഈ പുരുഷാർത്ഥങ്ങളെ പ്രതിനിധീകരിക്കുന്നു. ഇനി ഇപ്പോൾ, ഞാൻ നിങ്ങളോടു പറയട്ടെ, അഞ്ചാമതായി മറ്റൊരു പുരുഷാർത്ഥമുണ്ട്, അതാണ് ജീവിതത്തിന്റെ പരമലക്ഷ്യം. അത് **പ്രേമം** ആകുന്നു.

പ്രേമം ഈശ്വരനാകുന്നു,
ഈശ്വരൻ പ്രേമമാകുന്നു,
അതിനാൽ,
പ്രേമത്തിൽ ജീവിക്കുവിൻ.

പ്രേമംകൊണ്ട് നിങ്ങൾക്ക് നേടാൻ പറ്റാത്തതായി യാതൊന്നുമില്ല!

**Q. സ്വാമീ! അവിടുത്തെ പ്രാപ്തിക്ക് അർഹരാവുന്നതിന് ഞങ്ങൾക്ക് എന്താണ് ഉണ്ടായിരിക്കേണ്ടത്?**

**ഭഗവാൻ**: ഏറ്റവും പ്രധാന കാര്യം നിങ്ങളുടെ താത്പര്യം ആണ്. അതുണ്ടെങ്കിൽ നിങ്ങൾക്ക് ജീവിതത്തിലെന്തും നേടാം. നിങ്ങൾക്ക് ഒരു പ്രത്യേക കാര്യത്തിൽ അഥവാ വിഷയത്തിൽ അഥവാ വ്യക്തിയിൽ വിശ്വാസം ഉണ്ടെങ്കിൽ, നിങ്ങൾക്ക് ആ കാര്യത്തിൽ, വിഷയത്തിൽ, വ്യക്തിയിൽ താത്പര്യമുണ്ട് എന്നു പറയാം. നിങ്ങൾക്ക് സ്വാമിയോടുള്ള ഉത്കടമായ താത്പര്യം മൂലം നിങ്ങൾ വേഗം ഓടിവന്ന് മുൻനിര യിൽ എന്റെ പാദത്തിനു സമീപം ഇടംപിടിക്കുന്നു, അങ്ങനെയല്ലേ? വെളുപ്പാൻ കാല ത്ത്, നിശ്ശബ്ദതയിൽ, നിങ്ങൾ ആകാംക്ഷാപൂർവം സ്വാമിയെ കാത്തിരിക്കുന്നു,




അക്കാരണത്താലാണ് സ്വാമിയുടെ കാറിന്റെ ഡോർ അടയുന്നപോലെയുള്ള ഏറ്റവും നേർത്ത ശബ്ദം പോലും കേൾക്കുമ്പോൾ നിങ്ങൾ ജാഗരൂകരായിട്ട് സ്വാമി നിങ്ങ ളുടെ അടുത്തേക്ക് വരുന്നുണ്ട് എന്ന് നിങ്ങളെക്കൊണ്ട് ചിന്തിപ്പിക്കുന്നത്. ആ രംഗ ത്തേക്ക് ആ സമയത്ത് ആരുതന്നെ കടന്നുവന്നാലും, അവർ സ്വാമിയുടെ വരവിനെ പ്പറ്റി എന്തെങ്കിലും സന്ദേശം തരും എന്ന് പ്രതീക്ഷിക്കും. എന്താണിതിനു കാരണം? ഇതെല്ലാം സ്വാമിയോടുള്ള നിങ്ങളുടെ താത്പര്യം മൂലമാണ്. നിങ്ങൾക്ക് സ്വാമിയിൽ

യാതൊരു താത്പര്യവും ഇല്ലായെങ്കിൽ, അവിടുന്ന് നിങ്ങളുടെ നേരെ മുമ്പിൽ വന്നു നിന്നാൽക്കൂടി, അവിടുത്തെ സാന്നിദ്ധ്യം നിങ്ങൾ ശ്രദ്ധിക്കില്ല.

**Q. സ്വാമീ! മായ എന്താണ്? ദയവായി വിശദീകരിച്ചു തന്നാലും.**

**ഭഗവാൻ**: എന്തുതന്നെയായാലും, മായ ഇല്ലാത്തതാണ്. ബ്രഹ്മം, വിശ്വാത്മാവ്(cosmic soul) മാത്രമാണ് ഉള്ളത്. മായ അഥവാ മിഥ്യ എന്നു വിളിക്കപ്പെടുന്ന അത് നിങ്ങളുടെ ഭാവന മാത്രമാണ്. ബ്രഹ്മം മാത്രമേയുള്ളൂ. കൂടുതലൊന്നുമില്ല! ശരീരമമത(body attachment) എന്നത് മായയാണ്, ഭ്രമം ആണ്, മിഥ്യാബോധമാണ്.

ഒരു ചെറിയ ഉദാഹരണം: ഇവിടെ ഒരു വൻ വൃക്ഷമുണ്ട്, അതിനു ചോട്ടിൽ



നിങ്ങൾക്കതിന്റെ തണൽ കാണാം, ശരിയല്ലേ? ഇലകളും ശിഖരങ്ങളുമാണ് തണലിനു കാരണം. സൂര്യപ്രകാശം മരത്തിൽ പതിക്കുമ്പോൾ, മരത്തിനു ചോട്ടിൽ നിങ്ങൾക്ക് തണൽ കാണാം. ഇവിടെ ഒരു പ്രധാന കാര്യം നിങ്ങൾ അറിയണം. മരത്തിനു മുകളിലായോ അതിനു മേലെയോ തണൽ പോലെ ഒരു സംഗതി ഇല്ല. അതിനർത്ഥം, സൂര്യപ്രകാശത്തിൽ നിഴലില്ല എന്നാണ്. അതെന്തുകൊണ്ടാണ്? താഴെയുള്ള തണലിനു ഉത്തരവാദിയാകുന്നത് മരത്തിന്റെ ഇലകളും ശിഖരങ്ങളുമാണ്. സൂര്യപ്രകാശം ബ്രഹ്മനാകുന്നു, മരം ജീവിതമാകുന്നു, ഇലകളും ശിഖരങ്ങളും മമതയും കാമനകളുമാകുന്നു. അവയാണ് മായ അഥവാ ഭ്രമം ആകുന്ന തണലിനു കാരണം.

ഇലകളും ശിഖരങ്ങളും ഇല്ലാത്തപ്പോൾ തണലിന്റെ വിഷയമേ ഉദിക്കുന്നില്ല. അതുകൊണ്ട്, മായ അഥവാ മതിഭ്രമം എന്നത് അതേപടി ഇല്ല. അത് നിങ്ങളുടെ ഭാവനയുടെ ഭ്രമമാണ്.

**Q. സ്വാമീ! മായ(illusion)യെ എങ്ങനെ ഞങ്ങൾക്ക് കീഴ്പ്പെടുത്താം?**

**ഭഗവാൻ**: മായ എന്നൊന്നില്ല. അത് നിങ്ങളുടെ സ്വന്തം സൃഷ്ടിയാണ്. ഇല്ലാത്ത ഒരു കാര്യത്തെ നിങ്ങൾ കീഴ്പ്പെടുത്തുന്നത് എങ്ങനെയാണപ്പോൾ?

രാത്രിസമയത്ത്, ഒരു കയറു കാണുമ്പോൾ, നിങ്ങളത് പാമ്പായി തെറ്റിദ്ധരിക്കുന്നു,



നിങ്ങൾ അത്യധികം ഭയചകിതരാകുന്നു. അതൊരു കയറു മാത്രമാണ്, പാമ്പല്ല എന്ന് പിന്നീട്, അന്വേഷണത്തിൽ വെളിവാകുന്നു. ഇവിടെ രണ്ടു സംഗതികൾ നിങ്ങൾ അറിഞ്ഞിരിക്കണം: പാമ്പ് അപ്രത്യക്ഷമാകുകയോ കയർ നിങ്ങളെ പ്രത്യേകമായി ആശ്വസിപ്പിക്കുകയോ ചെയ്യുന്നില്ല. ഇക്കാലമത്രയും അതൊരു കയറു മാത്രമാണ്. കയറിനെ പാമ്പെന്ന് തെറ്റിദ്ധരിച്ചത് നിങ്ങൾ മാത്രമാണ്. ഇതേപോലെ, ബ്രഹ്മം അഥവാ ആത്മാവാണ് യാഥാർത്ഥ്യം, ബാക്കിയെല്ലാം ഭ്രമം അഥവാ മിഥ്യ അഥവാ സങ്കൽപം ആകുന്നു.

**Q. സ്വാമീ! മായയിൽനിന്നും ഒരാളും രക്ഷപ്പെടില്ല എന്നാണ് പറയപ്പെടുന്നത്, അതാണ് അനുഭവവും. ഓരോരുത്തരും മായയുടെ പ്രഭാവത്തിന്റെ ഇരകളാവുന്നു. അങ്ങനെ, മനുഷ്യൻ വ്യാമോഹത്തിന് കീഴ്പ്പെടുന്നു അപ്പോൾ സ്വാമീ, മായ എന്താണെന്ന് അറിയുകയും, മായയിൽനിന്ന് പുറത്തു കടക്കുകയും ചെയ്യുന്ന ഒരു വ്യക്തി എങ്ങനെയാണ് വീണ്ടും ആ കെണിയിൽ അകപ്പെടുന്നത്?**

**ഭഗവാൻ**: ഇങ്ങനെയൊരു സാഹചര്യത്തെപ്പറ്റി ചിന്തിക്കുക. ഇരുട്ടുള്ളപ്പോൾ പ്രകാശത്തിന് എന്താണ് സംഭവിക്കുന്നത്? അതെങ്ങോട്ടാണ് പോകുന്നത്? ഇതേപോലെ,




വെളിച്ചം ഉള്ളപ്പോൾ, അത് വരുന്നതുവരെ അവിടെയുണ്ടായിരുന്ന ഇരുട്ട് എങ്ങോട്ടാണ് പോകുന്നത്? വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട്. ഇരുട്ട് ഒഴുകിപ്പോവുകയോ ഓടിയൊളിക്കുകയോ അല്ല. പ്രകാശം കാരണം, അത് ശ്രദ്ധിക്കപ്പെടുന്നില്ല. ഒരുവട്ടം വിളക്കണച്ചാൽ, മുമ്പേപ്പോലെ ഇരുട്ടായിരിക്കും അവിടെ. ഇവിടെ, പ്രകാശമെന്നത് ജ്ഞാന(wisdom)മാകുന്നു, ഇരുളെന്നത് അജ്ഞാനം(ignorance) അഥവാ മായ അഥവാ ഭ്രമം അഥവാ അവിദ്യ ആകുന്നു. ഇരുളകറ്റുന്നതിന് ചെയ്യേണ്ട ഒരേയൊരു കാര്യം, ഒരു മെഴുതിരി കത്തിക്കുക എന്നതാണ്.

നിങ്ങളുടെ ചോദ്യം, ജ്ഞാനപ്രകാശത്താൽ ഒരിക്കൽ ഇല്ലാതാക്കപ്പെട്ട അജ്ഞാനത്തിന്റെ അന്ധകാരം വീണ്ടും തിരിച്ചുവരുന്നതെങ്ങനെ എന്നാണ്.

ഒരു ലളിതമായ ദൃഷ്ടാന്തം: പലരും ബസ്സിൽ യാത്ര ചെയ്യുന്നു. ദുർഘടമായ വഴിയിലൂടെ ബസ്സ് മുന്നോട്ടു കുതിക്കുമ്പോൾ, ബസ്സിനു പുറകിലായി പൊടിപടലമുയരുന്നത് നമുക്കു കാണാം. എന്നാൽ ബസ്സ് നിൽക്കുന്ന നിമിഷം, മുഴുവൻ പൊടിയും ബസ്സിനകത്ത് കയറിക്കൂടുന്നു. അത് അപ്പാടെ ബസ്സിനുള്ളിലേക്ക് അടിച്ചുകയറുന്നു.

ഇതേപോലെ, മനുഷ്യജീവിതവും ബസ്സുപോലെയാണ്. സാധനയുടെ സഞ്ചാരത്തിലാകുവോളം മായയുടെ പൊടിപടലം അതിനു പിന്നിലായി തങ്ങും. എന്നാൽ, ജീവിതത്തിന്റെ ബസ്സ് നിൽക്കുമ്പോൾ, മായ, മതിഭ്രമത്തിന്റെ പൊടിപടലം, ജീവിതത്തിനുള്ളിലേക്ക് കടക്കുന്നു. അപ്പോൾ, സാധനയാണ് നിങ്ങളെ മായയുടെ ബാധയുണ്ടാകാതെ പരിരക്ഷിക്കുന്നത്. സാധന നിർത്തുകയാണെങ്കിൽ, നിങ്ങൾ വീണ്ടും മായയുടെ ഇരയായിത്തീരും.



അതുകൊണ്ട്, നിങ്ങളുടെ ആയുഷ്കാലത്തേക്ക് നിങ്ങൾ മായയിൽനിന്ന് മോചിതരായി എന്ന് നിങ്ങൾക്ക് ഒരിക്കലും ഉറപ്പിക്കാനാവില്ല. നിങ്ങളുടെ സ്ഥിരമായ സാധനയാണ് നിങ്ങളെ അതിനു സഹായിക്കുക.

പ്രഫസർ അനിൽകുമാർ അടുത്ത ലക്കത്തിൽ കൂടുതൽ ആദ്ധ്യാത്മിക പാഠങ്ങൾ നമുക്ക് തരും.

നിങ്ങളുടെ സമയത്തിന് നന്ദി.
ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (സത്യോപനിഷത്ത് വാല്യം 2 പേജ് 151-156)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)